സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണങ്ങൾ ആകർഷകമാക്കാൻ നടപടി

56 [2025] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി. എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണങ്ങളായ വിജ്ഞാനകൈരളി, സാഹിത്യലോകം, സാംസ്കാരിക കേരളം തുടങ്ങിയ ആനുകാലികങ്ങൾക്കും, വകുപ്പു പ്രസിദ്ധീകരണങ്ങൾക്കും, ബന്ധപ്പെട്ട സ്ഥാപനങ്ങൾ, സ്വകാര്യ പ്രസാധക ശാലകളെപ്പോലെ കൂടിയ വിലയിടുന്നത് അവസാനിപ്പിക്കാനും സബ്സിഡി നിരക്കിൽ വായനക്കാർക്ക് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ;

(ബി) സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണമായ 'സാംസ്കാരിക കേരളത്തി'ന്റെ വില കഴിഞ്ഞ ഒരു കൊല്ലത്തിനിടെ ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടും ആനുപാതികമായി പേജുകളുടെ എണ്ണം കൂട്ടുകയോ വിഭവ വൈവിദ്ധ്യം വരുത്തുകയോ ചെയ്തിട്ടില്ലായെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കൂടുതൽ ആകർഷകവും വിഭവ സമൃദ്ധവുമായ ഈ പ്രസിദ്ധീകരണത്തെ ഒരു ജനകീയ സാംസ്കാരിക പ്രസിദ്ധീകരണമാക്കി മാറ്റുമോ;

(ഡി) ഫലിത പംക്തികൾ, ജ്യോതിഷം, ചികിത്സ ഇത്യാദി സാധാരണക്കാരന്കൂടി അഭിലഷണീയമെന്നു തോന്നുന്ന കെട്ടിലും മട്ടിലും ഈ സാംസ്കാരിക പ്രസിദ്ധീകരണങ്ങളെ ഭാവിയിൽ പ്രതീക്ഷിക്കാമോ; എങ്കിൽ ഉള്ളടക്കത്തിന്റെ പ്രത്യേകതകൾ വിശദീകരിക്കുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പു പ്രസിദ്ധീകരണങ്ങൾക്ക് ചുരുങ്ങിയ വില മാത്രമേ നിശ്ചയിച്ചിട്ടുള്ളൂ. യഥാർത്ഥ ചെലവുമായി താരതമ്യപ്പെടുത്തി സബ്സിഡി നിരക്കിൽ കുറഞ്ഞ വിലയാണ് ഈടാക്കിവരുന്നത്.

(ബി) സാംസ്കാരകേരളം ത്രൈമാസികത്തിന്റെ സാധാരണ ലക്കങ്ങളിൽ 80 പേജുകളും വിശേഷാൽപ്പതിപ്പുകളിൽ 100-108 വരെ പേജുകളും അച്ചടിപ്പുറങ്ങൾ വരുന്നുണ്ട്. മറ്റു പ്രസിദ്ധീകരണങ്ങളെപ്പോലെ പരസ്യങ്ങളൊന്നും ഇതിൽ ഉൾപ്പെടുത്താറില്ല.

(സി) ഇവ ഗവേഷണാത്മകമായ രചനകൾ പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചികിത്സ, ശാസ്ത്രം, ജ്യോതിഷം തുടങ്ങിയ വിഷയങ്ങളിലുള്ള ഗൗരവപൂർണ്ണമായ ലേഖനങ്ങളാണ് വിജ്ഞാനകൈരളിയിൽ ഇപ്പോൾ പ്രസിദ്ധീകരിച്ചുവരുന്നത്. സാംസ്കാരകേരളം ത്രൈമാസികം പഠനഗവേഷണവും വൈജ്ഞാനിക പ്രാധാന്യമുള്ള വിഷയങ്ങൾ പ്രസിദ്ധീകരിക്കാനുദ്ദേശിച്ചിട്ടുള്ളതാണ്.

'സംസ്കാര കേരളം' ആവശ്യക്കാർക്ക് ലഭ്യമാക്കാൻ നടപടി

57 [2026] ശ്രീ. അടൂർ പ്രകാശ്:
,, എൻ. ഡി. അപ്പച്ചൻ:
,, കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണമായ 'സംസ്കാര കേരളം' ത്രൈമാസികയുടെ എത്ര കോപ്പി അച്ചടിക്കുന്നു; അതിന്റെ കോപ്പികൾ വിൽക്കുന്നതെപ്രകാരമാണ്;

(ബി) അതിന്റെ കോപ്പി ജില്ലാ ആസ്ഥാനങ്ങളിലെവിടെയെങ്കിലും വിൽപ്പനയ്ക്കുവേണ്ടി പ്രദർശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(സി) ഗവേഷക വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരു മുതൽക്കൂട്ടായ ഈ പ്രസിദ്ധീകരണത്തിന്റെ കോപ്പികൾ വില്പനയ്ക്കായി കേരള ബുക്ക്മാർക്കിന്റെ ഷോറൂമുകളിൽപ്പോലും എത്തിക്കാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെപ്പറ്റി അന്വേഷിക്കുമോ; കേരള ബുക്ക്മാർക്കു വഴിയും പ്രധാന സ്വകാര്യ ബുക്ക്സ്റ്റാളുകൾവഴിയും ഇവയുടെ വിൽപന നടത്തുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 2000 പ്രതികൾ. വരിസംഖ്യ അടച്ചിട്ടുള്ളവർക്ക് തപാൽമാർഗ്ഗവും സ്വകാര്യ പ്രസാധകന്മാർ നേരിട്ടും കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി മുഖേനയും വിൽപന നടത്തുന്നുണ്ട്.

(ബി) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന് ജില്ലാ ആസ്ഥാനങ്ങളിൽ വില്പനശാലകളോ ഏജന്റുമാരോ ഇല്ലാത്തതിനാൽ പ്രദർശിപ്പിക്കാറില്ല.

(സി ആന്റ് ഡി) 500 പ്രതികൾ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് വിൽപനയ്ക്ക് നൽകാറുണ്ട്. കൂടാതെ സ്വകാര്യ ബുക്ക് സ്റ്റാളുകൾ വഴിയും ഇപ്പോൾ വിൽപന നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly